

सारस्वत वाणी

प्रकाशनः
संयुक्त गौड सारस्वत सभा, कालिकत

ANNUAL SUBSCRIPTION ₹ 12/-

खंड 43 अंक 10 (केवळ अंगा खातीर) अक्तोबर 1, 2021

SARASWATH VANI

Published By
SAMYUKTHA GOWD SARASWATH SABHA, CALICUT

ॐ

श्री महालसा नारायणी प्रसन्ना:



Saraswath Vani

Published by
SAMYUKTHA GOWD SARASWATH SABHA
SOORAJ JEWELLERS,
KAMMATH LANE, CALICUT - 673 001, PH : 2701420
Reg. No. 16 / 1974

खंड 43 | अंक 10 | (केवळ अंगा खातीर) | अक्तोबर 1, 2021

मांडावळ

पान

ATTENTION PLEASE

Materials, News items for publication in the Saraswath Vani should be sent to the following address before 20th of each month:
Editor, Saraswath Vani
60/4756, Near District Jail
Puthiyara, Kozhikode - 673004
e-mail: saraswathvani@gmail.com

प्रार्थना

"In the beginning there existed God, the source of light. He was the one Lord of all created beings. He upholds this earth and the heavens. He it is to whom we offer our prayers."

(Rig Veda X: 121: 1)

सुभाषितम्

"While the words of the good and worldly people follow meaning, meaning comes rushing to fulfil the words of the Rishis and Sages."

(Uthararamacharitham 1-10)

अमृतवचनम्

"Some perform sacrifice with material possessions; some offer sacrifice in the shape of austerities; others sacrifice through the practice of Yoga; while some striving souls, observing austere vows, perform sacrifice in the shape of wisdom through the study of sacred texts."

(Srimad Bhagavad Gita 4: 28)

VEDAMOORTHI K.PADMANABH BHAT: AN EMINENT PERSONALITY

Payyanur Ramesh Pai

Our community has produced many scholars, and among them there have been those who took up priesthood as their career. Apart from the inner urge to serve the members of our community, the significant quality which they carry uppermost in their minds is the role as a well-wisher of every family. This amply qualifies their personality as Purohits, the very meaning of the word being 'Thinker of progressive welfare'. Here I am trying to pay homage to the Late K.Padmanabh Bhat, an eminent Purohit, who lived his life following a missionary zeal, serving the people around.

K.Padmanabh Bhat was born in Cherai (which belonged to the erstwhile Kochi State) as the second son of Krishna Bhat and Padmavati on 16 Thulam 1066 M.E. (Corresponding to 31 October 1890). He learnt primary lessons in Sanskrit language till the age of 8. In the next 10 years he studied VyAkarana (Grammar), KAvya, AlankAra, SAstras, etc. under the able guidance of Prince Rama Varma of Kodungallur, who was respectfully called as 'Sabdika Tilakan' due to his mastery over Sanskrit vocabulary. Padmanabh Bhat was fortunate enough to dedicate four years from 1909 to 1913 to study poetry under the noted poet Kodungallur Kunjikuttan Tampuran (Celebrated as Kerala Vyasan owing to his mammoth translation of original Mahabharata into Malayalam. Tampuran imparted the art of not only writing poetry but also the skill of analyzing and appreciating poetry. It was truly inspirational for the aspiring student. Subsequently, Bhat spent almost seven years from 1913 to 1920, to study Astrology (Jyotisha) under Valiya Kochunni Tampuran and also Tarka SAstra and Alayavidhi (VAstuvidya) under Goda Varma Tampuran. It is the philosophy of dialectics, logic and reasoning, and the art of debate that helps one to analyze the nature and source of knowledge and its validity. Later, for two years, Bhat used to conduct Sanskrit classes in Cherai Sri Varaha Temple, which were attended by some interested youth.

It is recalled that all the teachers of Padmanabh Bhat belonged to the Kodungallur Kovilakam, lauded as the Nalanda or Takshasila

of Kerala. The young Bhat used to read Mahabharata in some households in Kodungallur as per their request. Gradually, the attentive audience started swelling and he was invited to deliver discourses in the temple at Kodungallur on Srimad Bhagavatam also.

Under the guidance of Srimad Sukrtindra Tirtha Swamiji, the then Matadhipati of Shree Kashi Math Samsthan, a team of priests led by Krishna Bhat performed the Punah Pratishta ceremonies of Sri Rajagopalaswami Temple, Kodungallur, on 21 May 1928. With the blessings of His Holiness, Padmanabha Bhat shifted from Cherai to Kodungallur in the year 1931, to take charge as the Main Tantri of Sri Rajagopalaswami Temple there. He took up the responsibility of Grama Purohit as well.

It is seen from the 1935 issue of 'Saraswat' Annual Digest (Published by S.K.Kamath of Kayamkulam) that a Sanskrit book Sandhyavandan was authored by K. Padmanabh Vadhyar. As we all know, in the local parlance people use Vadhyar synonymously for the surname Bhat.

On the Sivaratri Day of 1936 (09 Ferbruary), Sri. K.Padmanabh Bhatji wrote his Prologue to a 28 page book Sri RAjagopala Krishna MAtrukAkshara MAla written in praise of Lord Rajagopala of Kodungallur. The book was brought out under the banner of Sri Narasimha Vilasam Book Depot, Turavur, at the initiative of its Proprietor Late R.Madhav Pai, and was in Sanskrit, written in Malayalam script. The book contains a short poem titled Sri RAjagopalakrishnAshtakam, with just nine Slokas, and another longer poem of 51 Slokas carrying the title of the book. The first letter of each Sloka of the longer poem is composed in an alphabetical order. The meaning of each Sloka is also summarized and given just after the Sloka for better understanding of common readers.

During 1936 itself a meeting was convened at Turavur T.D. School to form a SAraswata SAhitya Samiti. However Padmanabh Bhat could attend only its second meeting in 1937.

Padmanabh Bhat had a fascination with storytelling, of course, while performing some ceremonies on auspicious days he used to narrate the spirit of the particular ceremony for a better understanding of the YajmAnAs (Presiding organizer). Slowly he developed HarikathAs like 'Dhruva Charita' and 'Prahlada Charita' in Konkani language, which he used to narrate in an attractive manner to the gathered audiences. It is said that he was popular in this art

and people used to come from even distant places to listen his Harikathas.

Padmanabh Bhatji used to contribute articles on different topics ranging from religion to astrology, written in Malayalam. These were published in different issues of periodicals like SAraswata Bodhini (Organ of the Travancore GSB Parishad), SAraswata Mitram and SAraswat Annual Digest.

Bhatji wrote a Laghu Stotra KeertanAvali, which was published on the New Year Day (01st January 1941) by the Gauda SAraswat Young Men's Association, Kodungallur. It contained 26 pages only, and carried several devotional songs and hymns, some of which were co-authored with K.V.Venkiteswara Pai, The book saw a second edition, released on the Vijaya Dasami Day (21st October) 2007.

Bhatj brought out yet another book titled Sri Laghu Stotra RatnAvali. It contains Two Stotras and Four Ashtakas. Among this, one is in Konkani language (DasAvatAra Stotra) and all others are in Sanskrit, all in Malayalam script. This 12 page booklet was published by GSB Yuvajana SamAjam, Kodungallur, also in 1941. In his introduction appearing in this book, Bhatji qualifies himself as 'SAraswata Bhaktan', meaning devotee of Knowledge.

A Konkani poem of two parts (In Malayalam script), narrating the story of Satyanarayana Vrata, was composed by Padmanabh Bhatji, in a lucid manner. It is included in Stotra RatnAvali, a booklet of about 40 pages, published by Sri Rajagopala Grama Sabha Samiti, a unit of the GSB Maha Sabha Kerala, while celebrating the Punah Pratishta Saptati of Lord Rajagopalaswami, Kodungallur, which was released on 27th May 1998. The booklet contained other Stotras also, but not written by Bhatji.

His Highness Rama Varma Pareekshit Tampuran (1876-1964), who was the last of the illustrious rulers of erstwhile Perumpadappu Swaroopam, used to consult Padmanabh Bhatji for clarifications on astrology. Being a Sanskrit poet and scholar himself, Tampuran used to be called Darsana Kalanidhi Abhinava Tarkavageesa. He used to admire other Pandits like Bhatji also. He used to invite Bhatji for the SAstra Sadas, an intellectual event usually held annually at the Sanskrit College, Tripunithura, where Sanskrit poets and scholars would gather and exchange updates and exhibit their talents.

In the year 1946, a Rig Vedic Yajna was performed by

Padmanabh Bhat with his team of Vadhyars, at the behest of His Highness Rama Varma Pareekshit Tampuran, the last Ruler of Princely State of Cochin. On 2nd May 1946, the Tampuran conferred the title 'Rig ShAkala SamhitA YajwA' on Padmanabh Bhatji in the presence of an august gathering of priests, scholars and royal family members at the Royal Palace No.16 in Tripunithra. For winning the honours from the Ruler, the Vaidiks of our community organized a reception to Bhatji at the Turavur T.D.Temple and handed over a citation (Mangala Patrika) to him on 02nd July 1947.

On 29 May 1949, to mark the centenary celebration of the Moola Pratishta, a Sahasra KumbhAbhisheka was conducted to Lord Sri Rajagopala Krishna under the stewardship of Padmanabh Bhat. Subsequently, on 25 May 1952, the Hanuman idol was consecrated in the temple.

Padmanabh Bhatji was instrumental in the liaison work for a meeting between His Holiness Srimad Sukrtindra Tirtha Swamiji and His Highness Pareekshit Tampuran, held at the Sri Rama Devaswom Temple in Tripunithura. Swamiji arrived at the temple, along with his Patta Sishya Srimad Sudhindra Tirtha Swamiji. His Highness arrived at the venue wearing a simple white Mundu and an Anga Vastram, accompanied by the State cavalry and his special uniformed bodyguard brigade. Bhatji led the team of Vaidiks who were present, and accorded a customary welcome to both the dignitaries by offering Poorna Kumbha. It is said that this meeting was held at a short notice, and took place on 20th July 1948. Other prominent personalities who were present during the reception included Diwan Peshkar A. Madhava Prabhu, A.G.Rama Prabhu, President of the Advisory Committee, and Devaswom officials. The whole Sri Rama Temple was thronged by the GSBs of Tripunithura and those in the adjoining villages and towns, as also all prominent GSBs even from the distant parts of the State, to witness this historic event.

Sri.A.R.Balakrishna Prabhu of Tripunithura, narrates this event as follows (2014 Souvenir of Sukrtindra Oriental Research Institute) : After paying obeisance to His Holinesses, Tampuran did not occupy the regal chair placed for him, but squatted cross legged in front facing the Swamijis. Erudite scholar in Sanskrit and Sastras that he was, as per the dictum in Smritis, he arranged for placing Myrobalms (Hareethaki) in a silver plate in front of the Swamijis as his present. His highness had conversation with Swamijis for some time. The

conversation with the disciple Swamiji was in Sanskrit itself. In the course of the conversation, Srimad Skrtindra Tirtha Swamiji expressed His desire to have the management of the Cochin Tirumala Devaswom, which was taken over by the Government in 1912, restored back to the Cochin Mahajanam. The Maharajah nodded and the management was entrusted back to the Mahajanam of Cochin GSBs a few months later in 1949.

The last important function in which Padmanabh Bhat participated was the Punah Pratishta of Lord Venkatachalapati Temple at North Paravur. The auspicious Muhurat was on Friday, 20th March 1953. He stayed with Sri. Upendra Bhat, the then Tantri of the Venkatachalapati Temple, at North Paravur. After the celebrations, Bhatji returned to his home town Kodungallur by car. Upon reaching his home (Devaswom Madom), he felt very tired and thirsty. He asked his wife Lakshmi to bring a glass of water. When she brought the tumbler, she saw that Bhatji was spreading Darbha grass on the ground, preparing to lie down on it rather than on the cot. It seemed odd for his wife, though he drank the water she had fetched. It was as if he knew that the end was nearing. Bhatji rested on the grass bed and breathed his last, typical of the saying 'AnAyAsena Maranam'. It was Rama Navami day, 23rd March 1953. Other Vaidiks disclosed that he knew of the end in advance, as, during the astrological consultations, he could foresee the imminent danger to the life of the Chief Purohit after the completion of the Punah Pratishta. The ceremony was sure to bring prosperity to the MahAjanam. Bhatji gave more weight to the prosperity of the community than his own life and went ahead with the preparation for the ceremony.

Padmanabh Bhatji earned many titles like Vedamoorthi, SAhitya Ratnam, Brahmasree, PourAnika Tilakam, Jataka PArijAta and Kotilinga Nagaree Tilakam. He was equally at home in theory and practice of Vaidik Dharma. He earned regards from the rulers and also Matadhipatis. He had acquired skills in Sanskrit, Konkani and Malayalam languages, thus a befitting polyglot. Rarely do we come across such personalities in our times, and at this juncture, we simply fold our hands before their respectful memories.

“रामायण-मानवतेचें उदात्त दर्शन”

6

[स्वामि चिद्‌भवानन्दजीले आंगलेय मूलकृतीचें कोंकणी स्वतंत्र भाषान्तर]

कृष्ण नारायण नायक, गोश्रीपुर

“विश्वामित्र दौत्याक मुक्कारी”

अयोध्येन्तु दरबार मण्डल्यां। तान्तु भर्मि द्वारपालकु ऐवनु अभिवादन कोर्नु राब्लिलो। अध्यक्ष पदारि वेम्सले दशरथ राय्यान ताका उल्दून सन्देश मनान्तु केल्लें। “रावळरा दर्शान्तु अभिवन्द्य विश्वामित्र ऋषि ऐवनु पावला” स्वागत सामग्रि सग्गधेवनु सपरिवार रायु महाद्वारान्तु छट जावनु पावलो। परंपरागत रीतीन स्वागत कोर्नु ऋषीक विशिष्ट मण्डपान्तु आनयु केल्लो। विश्वामित्र ऋषि आसनस्थ जाले। उपचार पूर्वक स्वागत मन्त्राचार जाले। उपरान्ते शेष सगटानीयि स्थानग्रहणकेल्लें।

सन्दर्भोचित उत्रांनि रय्यान उपक्रम भाषण दिल्लें। भूपालक पदारि असंख्य अनुभवानी, अखण्ड तपश्चर्येन आत्मीय शिखरारि आरूढ जावनु परमोन्नत ब्रह्मर्षि स्थानग्रस्त जाल्लेले विश्वामित्र ऋषीलें पूर्व चरित्र रायान संक्षिप्त जावनु उडगासु केल्लें। प्रणाम पूर्वक कडेरि मागीलें “ह्या दिव्य तीर्थपाद स्पर्शान सगळि अयोध्या अनुग्रहीत जल्या। देश कोप सर्वस्वयि ह्या तेजो कुन्ज चरणांरि समर्पण कोर्नु विशेष दौत्य सेवा निर्वहणाक आज्ञा खलपणान प्रतीक्षा कर्ता”।

राय्यालिं मधुर मनोज्ञ वचनं ऋषीन श्रद्धेन आयकीलिं। पुलकित वैसले सगटांक आशिर्वादोक्त जापदिलि - “राजन, अनुयोज्य वचनं सभेन्तु प्रस्ताव केल्यांति। कुल महिमेक युक्त जावनु सदा वचन बद्द आसाति। दुष्कर दौत्य कसलेंय जावो आंवका ना। यज्ञ निर्वहणान्तु विघ्न हाडचे मारीच सुबाहु आदि द्रोही राक्षसांक उन्मूलन कोर्का। त्याखातिरि जेष्ठ पुत्र रामालें सानीध्य बुणे दिसांक प्राप्त जांवका इतलेंचि।” तीं उत्तरं आयकिल्लीयं दशरथाक दोळ्यान्तु काळ्ळक आयलो। तळवेंन्तु पेटाणो दडवलो। दुविधेन रायु अजाप जलो। घोर राक्षस निग्रहाक, वनवासाक अपरिचित सोळा वर्षां रामाक पेटोंका? थडथडेवनु राय्यान बदल उपाय मस्त मुकारि दवर्ले। स्वंत उत्तरं पनवळ भित्तरि तुन्टोंचे रय्यारि ऋषि व्यस्त रूष्ट जालो। विफल पर्तूक विश्वमित्र ऋषि उटायलो। विपयु, दृश्य गौरव संमझून कुलगुरु वसिष्ट जाग्रत जाले। “महाशक्ति दुर्ग विश्वामित्र कसल्याकयि स्वयं पर्याप्त तं। तें त्रिकाल ज्ञानि तं। राम जन्मोद्देशाक अनुकूल दौत्य घेवनु ते आयल्यायि मात्र, सिवाय कसलेंय अहित न्हंय।” तन्नि दशरथालें मौढ्य हुम्माटून धैर्य भर्लें। राय्याले मनान्तुलो हुस्को अस्तमेलो। पुत्र मोगाचिं मायापाळ विलुप्त जलिं। राम लक्ष्मणांक तत्क्षण ऋषि दौत्याक नियुक्त केल्लिं। क्रमोचित सगटालोयि अनुवाद घेवनु ते ऋषि पाश्चान्तु मुक्कारि सर्ले।

THE BENEFITS OF CHANTING THE VISHNU SAHASRANAMAM

S. Pramodh Pai

Lord Vishnu is "Visveshwara" – the one who rules over the world, the one who is supreme. Vishnu Sahasranamam is the list of the 1000 names of Lord Vishnu. It is a popular chant in Hinduism. The main source of Vishnu Sahasranamam is the Anushasana Parva of the epic Mahabharata, which is the 149th chapter. This is the most popular version though there are other versions available too, which include Padma Purana, Skanda Purana and Garuda Purana.

According to Madhavacharya, the names in Vishnu Sahasranamam have almost one hundred meanings. Therefore this is a very profound and powerful chant. Even if one chants the Vishnu Sahasranamam without knowing the meaning of all the names, it can still be beneficial. Bheeshma believed that chanting the Vishnu Sahasranamam, or even listening to it, will result in removal of sins and fears.

In the Srimad Bhagavad Gita, the Lord says: "constantly praising me and striving to reach me with firm resolve and offering obeisance to me brings me closer to my devotees." God already knows what you want. Therefore selflessly serving him is the purest form of worship. Even listening to the Vishnu Sahasranamam can help one attain all goals and missions in life. Meditation is also an important step in this process. Most people believe that chanting it daily can have innumerable benefits. Some of them are listed below:

According to astrology, chanting the Vishnu Sahasranamam can help overcome different curses and bad luck attached to some people. It also helps overcome the doshas that result from the poor positioning of the planets in one's birth chart. Regular chanting of the Vishnu Sahasranamam can bring good luck and fortune to the household. It helps overcome financial difficulties and poor economic conditions.

Chanting the Vishnu Sahasranamam daily can also enrich the mind. It increases concentration, relieves stress and helps to focus on

positive things. It can fill the mind with positive thoughts. The Vishnu Sahasranamam can help one overcome all obstacles by filling one with self-confidence and help pursue goals in a focused manner. It removes worries. This powerful chant helps one to get absolved of sins. It can help one move towards the path of righteousness.

Chanting the Vishnu Sahasranamam can help cure many diseases. It also prevents fear, tension, stress and feeling of inferiority. It reduces quarrels among family members and brings a peaceful atmosphere inside the home. Some believe that it can also help cure infertility and bless families with children. It also protects the children of the family.

The ultimate benefit of chanting the Vishnu Sahasranamam is that it moves a devotee closer to the possibility of gaining salvation or Moksha in the afterlife. Vishnu Sahasranamam, when chanted, is believed to create a protective kavach (shield) around the chanter's soul, body and mind. This protects the chanter from the evil intentions of enemies and detractors.

****

സ്കാൻഡിനേവിയൻ സുന്ദരികൾ

(തുടർച്ച)

ഭാഗം 6

ഡോ.ആശാജയകുമാർ

പരിപാടിയിലെ അവസാനത്തെ ഇനം!

15–ാം നാൾ ഉല്ലാസ യാത്ര പോയപ്പോൾ...................

6–5–19 – തിങ്കൾ – ഞങ്ങളുടെ യാത്രയിലെ അവസാനദിവസം

സമ്മിശ്ര വികാരങ്ങളോടെയാണ് രാവിലെ ഉണർന്നത്. ഇന്നത്തോടെ ട്രിപ്പ് അവസാനിക്കുമല്ലോ എന്ന വിഷമം ഒരു വശത്ത്; ഹായ് നാളെ നമ്മൾ നാട്ടിലെത്തും എന്ന സന്തോഷം മറുവശത്ത്! ഇത്രയും ദിവസം ഒരുമിച്ച് യാത്ര ചെയ്ത് ഞങ്ങൾ നല്ല കൂട്ടുകാരായി മാറിക്കഴിഞ്ഞിരുന്നു. പക്ഷെ എപ്പോഴും യാത്ര ചെയ്തു കൊണ്ടിരുന്നാൽ പോരല്ലോ. വേറെ എന്തൊക്കെ ഉത്തരവാദിത്തങ്ങളുണ്ട് - അതൊക്കെ നിറവേറ്റണ്ടേ? ഇങ്ങനത്തെ ചിന്തകൾ എന്റെ മനസ്സിലൂടെ കടന്നുപോയി.

ഞങ്ങൾ ബ്രേക്ക്ഫാസ്റ്റ് കഴിച്ചതിനുശേഷം മുറിയിൽപോയി ലഗ്ഗേജുകളൊക്കെ ലിഫ്റ്റ് വഴി റിസപ്ഷനിലേക്കു കൊണ്ടുവന്നു. പലരും അന്നത്തെ റഷ്യൻ പത്രങ്ങൾ മറിച്ചു നോക്കുന്നുണ്ടായിരുന്നു. നിജോയും, ആൻസ്ലിയും, ജെറിനും അതിലെ ചിത്രങ്ങൾ ഞങ്ങൾക്കും കാണിച്ചു തന്നു. മിന്നലേറ്റ് തീപിടിച്ച വിമാനത്തിന്റെ ചിത്രം ഒന്നാം പേജിൽത്തന്നെ കൊടുത്തിട്ടുണ്ട്.

ആര്യയും ജ്യോതിസാറും ഇന്ന് രാവിലത്തെ ഫ്ളൈറ്റിൽ നാട്ടിലേക്ക് പുറപ്പെട്ടുപോവുകയാണ്. ''ഇനിയും കാണാം'' എന്നു പറഞ്ഞ് വിഷമത്തോടെയാണ് ആര്യ യാത്ര പറഞ്ഞത്. അവർക്കു വേണ്ടി നിജോ ''ടാക്സി'' ഏർപ്പാടാക്കിയിരുന്നു - എയർപോർട്ടിലേക്കു പോകാൻ.

ഞങ്ങൾക്ക് ഉച്ചയ്ക്ക് 12 മണിവരെ മോസ്ക്കോ ദർശനം - പിന്നെ - ലഞ്ച് പിന്നെ ഡോമോഡിഡോവോ ഇന്റർനാഷനൽ എയർപോർട്ടിലേക്ക് - അവിടെ നിന്നും ദുബായിലേക്ക് - ഇതാണ് ഇന്നത്തെ കാര്യപരിപാടി എന്ന് നിജോ വിശദീകരിച്ചു.

രാവിലെ 8.15ന് ഞങ്ങളുടെ A/C കോച്ച് എത്തി. ലഗ്ഗേജ് ബസ്സിന്റെ അറയ്ക്കകത്ത് അടുക്കി വച്ചു. ഇന്ന് നമ്മൾ ക്രെംലിൻ (KREMLIN) ആണ് കാണാൻ പോകുന്നതെന്ന് ജീനപറഞ്ഞു. ജീനയുടെ പ്രകടനം ഒരു പ്രഹസനമായിരുന്നു. അവർക്ക് തോന്നുമ്പോൾ എന്തെങ്കിലും പറഞ്ഞു തരും. എന്തെങ്കിലും സംശയം ചോദിച്ചാൽ കേട്ട ഭാവം നടിക്കുകയില്ല. ഞങ്ങളുടെ യാത്രയിലെ ഏറ്റവും മോശം ഗൈഡായിരുന്നു യൂജീനിയ എന്ന ജീന.

ഇന്നത്തെ ഊഷ്മാവ് 23°C. സുഖകരമായ കാലാവസ്ഥ. തെളിഞ്ഞ ദിവസം. മഴയുടെ ലാഞ്ഛനപോലുമില്ല. ബസ്സ് ഞങ്ങളെ അലക്സാണ്ടർ ഗാർഡനിൽ ഇറക്കിവിട്ട് പാർക്കിംഗ് ഗ്രൗണ്ടിലേക്കു പോയി. 9.30 A Mനേക്രെംലിനിലേക്കു പ്രവേശനം തുടങ്ങുകയുള്ളു. അതിന് തൊട്ടടുത്തുള്ള പാർക്കാണ് അലക്സാണ്ടർ പാർക്ക്. ഞങ്ങളോട് പാർക്ക് ചുറ്റിക്കാണാൻ പറഞ്ഞ് ജീനഒരു ബെഞ്ചിലി

രുന്ന് മൊബൈലിൽ "കളിക്കാൻ" തുടങ്ങി. രഞ്ജൻസാറിനും, ജോബ് സാറിനും അവരുടെ പെരുമാറ്റം തീരെ ഇഷ്ടപ്പെട്ടില്ല. ആ പാർക്കിൽ പലതരം സ്മാരകങ്ങൾ ഉണ്ടായിരുന്നു. അവയെപ്പറ്റി പറഞ്ഞു തരാനോ, ക്രെംലിനെപ്പറ്റി ഒരു Introduction തരാനോ അവർക്ക് താൽപര്യമില്ലായിരുന്നു. ഞങ്ങൾ ഗൂഗിളിൽ പരതി "Self Study" നടത്തി.

Alexander Garderns: റഷ്യയിലെ ആദ്യകാലത്തെ പാർക്കുകളിലൊന്നാണിത്. Alexander I ചക്രവർത്തിയുടെ ആഗ്രഹപ്രകാരം, കൽപ്പനപ്രകാരം നിർമ്മിച്ച പൂന്തോട്ടമാണിത്. ധാരാളം മരങ്ങളും പക്ഷികളുമൊക്കെയുള്ള മനോഹരമായ പൂന്തോട്ടം. ഞങ്ങൾ അവിടത്തെ ബെഞ്ചുകളിലിരുന്നു വിശ്രമിച്ചു. അലക്സാണ്ടർ ചക്രവർത്തിയുടെ പ്രതിമയോടൊപ്പം നിന്ന് ഫോട്ടോയെടുത്തു.

ഒമ്പതു മണിക്ക് ഞങ്ങൾ ക്രെംലിനകത്ത് പ്രവേശിക്കാനുള്ള കവാടത്തിനരികിലെത്തി. അപ്പോഴേക്കും അവിടെ നീണ്ട "ക്യൂ" രൂപപ്പെട്ടിട്ടുണ്ടായിരുന്നു. ഞങ്ങളും അതിൽ ലയിച്ചു..........

KREMLIN - ക്രെംലിൻ : വൈറ്റ് ഹൗസ് എന്നു കേട്ടാൽ U S എന്ന് ഓർമ്മ വരുന്നതുപോലെ, ക്രെംലിൻ എന്നു കേട്ടാൽ റഷ്യയെ ഓർമ്മവരും. മോസ്ക്കോ നഗരത്തിന്റെ ഹൃദയസ്ഥാനത്താണ് ക്രെംലിൻ സ്ഥിതിചെയ്യുന്നത്.

എന്താണ് ക്രെംലിൻ എന്ന വാക്കിന്റെയർത്ഥം? "നഗരത്തിലെ വലിയൊരു കോട്ട" എന്നാണ് അതിന്റെ സാരം. ക്രെംലിന്റെ "അയൽക്കാർ" ആരൊക്കെയാണെന്നോ? മോസ്ക്വ നദി, സെന്റ് ബാസിൽ കത്തീഡ്രൽ, റെഡ് സ്ക്വയർ, അലക്സാണ്ടർ ഗാർഡൻ എന്നിവ. ഈ കോട്ടയ്ക്കകത്ത് അഞ്ചു കൊട്ടാരങ്ങളും, നാലു കത്തീഡ്രലുകളും സ്ഥിതിചെയ്യുന്നു. അതിൽ നിന്നു തന്നെ ക്രെംലിൻ കോട്ടയാൽ ചുറ്റപ്പെട്ട സ്ഥലത്തിന്റെ വിസ്തൃതി എത്രയാണെന്ന് ഊഹിക്കാം. The Grand Kremlin പാലസ്, റഷ്യൻ പ്രസിഡന്റിന്റെ ഔദ്യോഗിക വസതിയായി പ്രവർത്തിച്ചു വരുന്നു.

ക്രെംലിൻ എന്ന വാക്ക് റഷ്യൻ ഗവൺമെന്റ് എന്ന വാക്കിന്റെ പര്യായമായും കരുതി വരുന്നു. T Vയിലും മറ്റും വാർത്ത വായിക്കുന്നവർ "ക്രെംലിൻ ഇങ്ങനെപ്രസതാവിച്ചു, പ്രഖ്യാപിച്ചു" എന്നൊക്കെ പറയാറുണ്ട്. "ക്രെംലിനോളജി" എന്നു പറഞ്ഞാൽ റഷ്യയെപ്പറ്റിയും റഷ്യൻ പൊളിറ്റിക്സിനെപ്പറ്റിയുമുള്ള പഠനം.

ക്രെംലിന്റെ ചരിത്രവും നാരായവേരും ചികഞ്ഞു പോയാൽ 2nd Century BC യിൽ നാം എത്തി നിൽക്കും. അന്നു മുതലേ ഇവിടെ രാഷ്ട്രീയ - സാംസ്കാരിക പ്രവർത്തനങ്ങളുടെ കേന്ദ്രമായിരുന്നു. 1331 ലാണ് "ക്രെംലിൻ" എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചു തുടങ്ങിയത്. ഇവാൻ III എന്ന സാർ ചക്രവർത്തിയുടെ ക്ഷണം സ്വീകരിച്ച് റഷ്യയിലെത്തിയ ഇറ്റലിക്കാരൻ ആർക്കിടെക്റ്റ് പീട്രസ്സ് അൻറേറായസ് സൊളാരിയസ് ആണ് ക്രെംലിൻ കോട്ടമതിൽ ഡിസൈൻ ചെയ്തത്. മതിലിന് അവിടവിടെയായി ടവറുകളും ഉണ്ടായിരുന്നു.

ഇപ്പോൾ നമ്മൾ കാണുന്ന ക്രെംലിൻ ചുറ്റുമതിൽ 1485-95 കാലഘട്ടത്തിൽ നിർമ്മിച്ചതാണ്. ഏതാണ്ട് ത്രികോണാകൃതിയിലാണ് ഈ മതിൽ നിർമ്മിച്ചിരിക്കുന്നത്. മതിൽക്കെട്ടിനകത്തുള്ള സ്ഥലത്തിന്റെ വിസ്തൃതി 2,75,000M^2 (29,60,000 sqft!) മതിലിന്റെ ആകെ നീളം 2,235 മീറ്റർ. സ്ഥലത്തിന്റെ കിടപ്പനുസരിച്ച് ഉയരത്തിൽ വ്യത്യാസമുണ്ട് - 5 മുതൽ 19 മീറ്റർ വരെയാണ് പലയിടങ്ങളിലായുള്ള ഉയരം. മതിലിൽ 20 ടവറുകളും പണിതിട്ടുണ്ട്. അവയിൽ ഏറ്റവും ഉയരമുള്ള ടവർ TROITSKAYA - 80 മീറ്ററാണ് 1495 ൽ നിർമ്മിച്ച ഈ ടവറിന്റെ ഉയരം.

സെന്റ് പീറ്റേഴ്സ്ബർഗിൽ നിന്നും റഷ്യൻ തലസ്ഥാനം 1918 ൽ മോസ്ക്കോയിലേക്കു മാറ്റിയപ്പോൾ വ്ളാഡ്മിർ ലെനിൻ തന്റെ ആസ്ഥാനം ക്രെംലിനിലേക്ക് മാറ്റി. ജോസഫ് സ്റ്റാലിനും ക്രെംലിനിൽ തന്നെയാണ് ഓഫീസുകൾ നടത്തി വന്നത്. സ്റ്റാലിന്റെ ഭരണകാലത്താണ് ക്രെംലിനിലെ ടവറുകൾക്ക് മുകളിൽ സ്ഥാപിച്ചിരുന്ന, സാർ ചക്രവർത്തിമാരുടെ രാജകീയ മുദ്രയായ ഇരട്ടത്തലയൻ പരുന്തുകളെ മാറ്റി, നക്ഷത്രങ്ങൾ സ്ഥാപിച്ചത്.

ക്രെംലിൻ മതിലിന് ടെറാക്കോട്ട നിറമാണ് അടിച്ചിരിക്കുന്നത്. മുകളിൽ പല്ലുകൾ പോലെ ചെറിയ എടുപ്പുകൾ കാണാം. ചില എടുപ്പുകൾക്കു പിന്നിൽ കാവൽക്കാർക്ക് ഒളിച്ചിരിക്കാനും, ദൂരെ നിന്നും ശത്രുക്കളുടെ വരവ് കാണാനും സൗകര്യമുണ്ട്.

ക്രെംലിൻ കോട്ടയ്ക്കകത്തെ ഏറ്റവും പ്രധാനകാഴ്ചകൾ അവിടത്തെ ഇമ്മിണി ബല്യമണിയും, ഇമ്മിണി ബല്യപീരങ്കിയും, യമണ്ടൻ ബെൽടവറുമാണ്.

The Tsar Bell/ Tsarky Kolokol or The Royal Bell : ലോകത്തിലെ ഏറ്റവും വലിയ മണിയാണിത്. പക്ഷെ അത് ഒരിടത്തും കെട്ടിത്തൂക്കിയല്ല ഇട്ടിരിക്കുന്നത്. വലിയൊരു പ്ലാറ്റ് ഫോമിനു മുകളിലിരിക്കുകയാണ്, ഒരു കഷ്ണം അടർന്നു പോയ ഈ ഭീമൻ മണി.

പീറ്റർ ദ് ഗ്രേറ്റിന്റെ അനന്തിരവൾ (niece) അന്ന ഇവാനോവ്നചക്രവർത്തിനിയുടെ നിർദ്ദേശപ്രകാരമാണ് ഈ മണി നിർമ്മിച്ചത്. പക്ഷെ ഒരിക്കൽപോലും ഈമണി മുഴങ്ങിയില്ല എന്നതാണ് സങ്കടം.

Bronze കൊണ്ടാണ് ഈ മണി നിർമ്മിച്ചിരിക്കുന്നത്. പണി പൂർത്തിയായ ഉടനെ, തീജ്വാലകളേറ്റ് ഈ മണി ഉടഞ്ഞു. 201,924 Kg യാണ് മണിക്കുട്ടന്റെ തൂക്കം! ഉയരം 6.14 മീറ്റർ. വ്യാസം 6.6 മീറ്റർ. കനം (Thicknes) 61 cm. പൊട്ടിയടർന്ന കഷ്ണത്തിനു മാത്രം 11,500 kg ഭാരമുണ്ട്. മണിയുടെ ഉപരിതലത്തിൽ പലതരം കൊത്തു പണികൾ കാണാം - പൂക്കളും ഇലകളും മാലാഖകളും, ദിവ്യന്മാരും, അന്ന ചക്രവർത്തിനിയും, സാർ അലക്സിയുമൊക്കെ അതിലുണ്ട്.

ഈ മണി നിർമ്മിച്ച കഥ കേൾക്കണ്ടേ? ചക്രവർത്തിനി അന്ന, ഇങ്ങനെയുള്ള മണി നിർമ്മിക്കാൻ അജ്ഞാപിച്ചപ്പോൾ, ഇവാൻ മോട്ടോറിനും, മകൻ മിഖായേലും 1733 ൽ ആ ദൗത്യം ഏറ്റെടുത്തു. മണ്ണു കുഴിച്ച്, 10 മീറ്റർ ആഴത്തിൽ

കുഴി കുഴിച്ചു. വശങ്ങളിൽ ചളി (clay) അടിച്ച് അടിച്ച് മിനുസം വരുത്തി. പഴയ സാർ ചക്രവർത്തിമാർ നിർമ്മിച്ച മണികളൊക്കെ ഉരുക്കി, അതിന്റെ കൂടെ 525 കിലോ വെള്ളിയും, 72 കിലോ സ്വർണ്ണവും ഉരുക്കിച്ചേർത്തു. 1734 ലാണ് മണി വാർത്തത്. വാർത്തു വെച്ച മണി കുഴിയിൽ നിന്നു പുറത്തെടുക്കുന്നതിനു മുൻപ് ക്രെംലിനിൽ വൻ അഗ്നിബാധയുണ്ടായി. മണി ചുട്ടു പഴുത്തു. മണിക്കു കേടുവരാതിരിക്കാൻ, ഉരുകാതിരിക്കാൻ പരിചാരകർ വെള്ളം കോരിയൊഴിച്ചു. വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതു പോലെ വെള്ളമൊഴിച്ചപ്പോൾ, "ചൂടായ" മണി പൊട്ടിപ്പിളർന്നു. നൂറുവർഷത്തോളം പൊട്ടിത്തകർന്ന മണി, ശാപമോക്ഷവും കാത്ത് ആ കുഴിയിൽ തന്നെ കിടന്നു.

1812ൽ നെപ്പോളിയൻ കുറച്ചു നാൾ റഷ്യയുടെ അധിപനായി. ഈ മണി തന്റെ ജന്മനാടായ ഫ്രാൻസിലേക്കു കൊണ്ടുപോകണമെന്ന് അദ്ദേഹത്തിന് "ആശ" തോന്നി. ഒരു പാടുപേർ കിണഞ്ഞു ശ്രമിച്ചിട്ടും ടൺകണക്കിനു തൂക്കമുള്ള മണി കുഴിയിൽ നിന്നു പുറത്തെടുക്കാൻ പറ്റിയില്ല. അവസാനം 1836ൽ Auguste de Montferrand എന്ന ഫ്രഞ്ച് ശിൽപിയും കൂട്ടരും കൂടി ഭീമനെകുഴിയിൽ നിന്നും പുറത്തെടുത്ത് ഇപ്പോൾ കാണുന്നതുപോലെ ഒരു പെഡസ്റ്റലിൽ വച്ചു. അക്കാലത്ത് ലോകത്തിലെ ഏറ്റവും വലിയ മണിയായ ലിവർപൂൾ കത്തീഡ്രലിലെ മണിയുടെ മൂന്നിരട്ടി തൂക്കമുണ്ടായിരുന്നു സാർമണിയുടെ അടർന്നു വീണ ഭാഗത്തിന്!

കുറച്ചു നാൾ ഈ പൊട്ടിയ മണി ചാപ്പലായും ഉപയോഗിച്ചു പോന്നു; അടർന്നുപോയ ഭാഗത്തെ വിടവ് ചാപ്പലിന്റെ പ്രവേശനദ്വാരവും!

ഈ മണി ഒരിക്കൽപോലും മുഴങ്ങിയില്ല എന്നു ഞാൻ പറഞ്ഞിരുന്നല്ലോ. ഇതു മുഴങ്ങിയാലെങ്ങനെയിരിക്കും എന്നറിയാൻ കുറേ വിദ്വാന്മാർ മുന്നിട്ടിറങ്ങി.Voltaire ന്റെ Computational Simulation of sound എന്ന ടീം മണിയെപ്പറ്റി പഠിച്ചു. 2016ൽ സ്റ്റാൻഫോർഡിലെ മിച്ചിഗൺ യൂണിവേഴ്സിറ്റിയിലെ ഒരു സംഘം ശബ്ദ ശാസ്ത്രജ്ഞർ നാട്ടാരെയൊക്കെ വിളിച്ചുകൂട്ടി, സാർ ബെല്ലിന്റെ ശബ്ദത്തിന്റെ ഇലക്ട്രോണിക്ക് സിമുലേഷൻ നടത്തിക്കാണിച്ചു - അല്ല, കേൾപ്പിച്ചു. 12 സ്പീക്കറുകൾ ഒന്നിനു മുകളിൽ ഒന്നായി അടുക്കി വച്ചിട്ടാണ് ബെല്ലിന്റെ ഏറ്റവും ചെറിയ ശബ്ദം പുറത്തു വിട്ടത് - അത് 81 ഹെർട്ട്സ് ഉണ്ടായിരുന്നു (സാധാരണ മനുഷ്യ ശബ്ദം - 85 - 180 HZ)

Tsar Cannon : Bombarda: എന്ന യമണ്ടൻ പീരങ്കി, 1586 ൽ നിർമ്മിച്ചതാണ്. റഷ്യൻ യുദ്ധ സാമഗ്രികൾ നിർമ്മിക്കുന്നവർ, ഇതൊരു പ്രദർശനവസ്തു എന്ന നിലയ്ക്കാണ് പണിതത്. അതുകൊണ്ട് മണിയടിയ്ക്കാത്ത മണിയുടെ കൂട്ടുകാരൻ, വെടിപൊട്ടാത്ത പീരങ്കിയാണിവൻ! ആന്ദ്രേ ചൊക്കോവ് എന്ന ബ്രോൺസ് ശിൽപിയാണ് ഇതിന്റെ പണി ഏറ്റെടുത്തത് ലോകത്തിലെ ഏറ്റവും വലിപ്പമുള്ള പീരങ്കി എന്ന് ഗിന്നസ് ബുക്കിൽ പേരു നേടിയവനാണ് ഈ പൊട്ടാപീരങ്കി. ക്രെംലിൻ മണിയുടെ സമീപത്ത് (നടന്നു പോകാനുള്ള ദൂരം) തന്നെയാണ് പീരങ്കിയും. 39.312 ടണ്ണാണ് ഈ ഭീമന്റെ ഭാരം. നീളം 5.34 മീറ്റർ ബാരലിന്റെ അകത്തെ ചുറ്റളവ് 890 mm; പുറത്തെ ചുറ്റളവ് 1,200 mm. മൂന്നു ചക്രങ്ങളുള്ള വണ്ടിയിലാണ് പീരങ്കി സ്ഥാപിച്ചിരിക്കുന്നത്. അശ്വാരൂഢനായ ഫിയോഡോർ

ചക്രവർത്തി, ചെങ്കോലും കിരീടവുമായി ഇരിക്കുന്ന രൂപം പീരങ്കിയിൽ കൊത്തി വച്ചിട്ടുണ്ട്. വശങ്ങളിലും മുൻപിലും സിംഹങ്ങളേയും കാണാം.

പീരങ്കിയായാൽ ''ഉണ്ടകൾ'' വേണ്ടേ? അതു നിർമ്മിച്ചു വച്ചിട്ടുണ്ട്. ഓരോന്നിനും ഒരു ടണ്ണോളം ഭാരം വരും. മോസ്ക്കോയിൽ വെടിയില്ലാപ്പീരങ്കി നിർമ്മിച്ചുവെന്നറിഞ്ഞ് St. പീറ്റേഴ്സ്ബർഗിൽ നിന്നും, അൽപം കളിതമാശ കലർത്തിയാണ് ''വല്യ ഉണ്ടകൾ'' സമ്മാനമായി കൊടുത്തു വിട്ടത് - നാല് ഉണ്ട കളാണുള്ളത്.

നമ്മുടെ സൊന്തം പീരങ്കി: ഇന്ത്യയ്ക്കും വലിയൊരു പീരങ്കി സ്വന്തമായിട്ടുണ്ട്. രാജസ്ഥാനിലെ ജയ്ഘർ ഫോർട്ടിലെ ''ജയ്‌വാന'' എന്ന പീരങ്കിയാണത്. 1720ൽ ഇതായിരുന്നു ലോകത്തിലെ ഏറ്റവും വലിയ പീരങ്കി. ഈ പീരങ്കിയും ശത്രു ക്കൾക്കു നേരെ ഒരിക്കലും വെടിയുതിർത്തിട്ടില്ല. പക്ഷെ ഇതിന്റെ ശക്തി പരീ ക്ഷിച്ചറിയാൻ, ഒരിക്കൽ മാത്രം 100 കിലോ തൂക്കം വരുന്ന വെടിമരുന്നുണ്ട നിറച്ച് വെടിവെച്ചു. അത് 35 കിലോമീറ്റർ ദൂരെയെത്തി, പൊട്ടിച്ചിതറിയത്രെ! ഈ പീര ങ്കിയുടെ ബാരലിന് 20.19 അടി (6.15 മീറ്റർ) നീളവും, ആകെ തൂക്കം 50 ടണ്ണു മാണ്.

ജർമ്മനിക്കുമുണ്ട് വലിയൊരു പീരങ്കി, കേട്ടോ. German Heavy Gustav ആണ് ഇതുവരെ ഭൂമിയിൽ നിർമ്മിച്ചതിൽ വെച്ച് ഏറ്റവും വലിയ പീരങ്കി. 150 അടിയിലധികം നീളവും, 40 അടി ഉയരവും, 1500 ടൺ തൂക്കവുമാണ് ഇതിന്റെ അഴകളവുകൾ.

ഇവാൻ ദ് ഗ്രേറ്റ് ബെൽ ടവർ: ക്രെംലിൻ കോട്ടയ്ക്കകത്തായി, 81 മീറ്റർ ഉയര മുള്ള മണിമേടയും ഞങ്ങൾ കണ്ടു. ക്രെംലിൻ സമുച്ചയത്തിലെ ഏറ്റവും ഉയര മുള്ള കെട്ടിടമാണിത്. 1508ൽ, മൂന്നു കത്തീഡ്രലുകൾക്കുള്ള പൊതു മണിമേട യായിട്ടാണ് ഇത് നിർമ്മിച്ചത്. അസംപ്ഷൻ, ആർക്കേഞ്ചൽ, അനൺസിയേഷൻ എന്നിവയാണ് ഈ മൂന്നു കത്തീഡ്രലുകൾ.

ഈ ടവറിന് മൂന്ന് ഒക്ടഗണൽ (8 വശങ്ങളുള്ളത്) തട്ടുകളുണ്ട്. മുകളി ലേക്കു പോകുന്തോറും അതിന്റെ വ്യാസം കുറഞ്ഞു വരുന്ന തരത്തിലാണ് നിർമ്മാണം. ഏറ്റവും മുകളിൽ സ്വർണ്ണത്താഴികക്കുടവും, 7 മീറ്റർ ഉയരമുള്ള കുരിശുമുണ്ട്. ഓരോ തട്ടിലും മണികൾ തൂക്കിയിടാനുള്ള വിടവുകളും, കൊളു ത്തുകളുമുണ്ട്.

ടവറിനകത്ത് പിരിയൻ കോവണിയും, 329 പടികളുമുണ്ടെന്ന് ഞങ്ങൾക്ക് ടിക്കറ്റിനൊപ്പം കിട്ടിയ ബ്രോഷറിലുണ്ട്. ഈ മണിമേടയിൽ 22 മണികളാണുള്ള ത്. താഴത്തേയും നടുവിലത്തേയും തട്ടുകളിലായി 18 ചെറിയ മണികളുണ്ട്. ഈ ടവറിലെ 4 വലിയ മണികൾക്ക് പ്രത്യേകം പേരുകളുണ്ട്.

ഉസ്പെൻസ്കി എന്നു പേരുള്ള വല്യ മണിക്ക് 65.5 ടണ്ണാണ് ഭാരം. ഈസ്റ്റർ പോലത്തെ ഉത്സവങ്ങൾക്ക് മാത്രം മുഴങ്ങുന്ന മണിയാണിത്. 16-ാം നൂറ്റാണ്ടിന്റെ തുടക്കത്തിലാണ് ഇതു നിർമ്മിച്ചത്.

അസംപ്ഷൻ സ്റ്റാളിലും രണ്ടു വലിയ മണികളുണ്ട്. അവയിലൊന്ന് REUT എന്ന പേരിലാണ് അറിയപ്പെടുന്നത് - തൂക്കം 19.6 ടൺ. രണ്ടാമത്തേതിന്റെ പേര് DAILY. തൂക്കം 16.6 ടൺ.

നാലാമത്തെ വല്യ മണിയുടെ പേര് Sunday Bell - തൂക്കം 13 ടൺ.

ഈ ടവർ നിർമ്മിച്ചതെന്തിനാണെന്നോ? ഏറ്റവും മുകളിൽ പാറാവു നിൽക്കുന്നവർക്ക് നഗരത്തിലെവിടെയെങ്കിലും അഗ്നിബാധയുണ്ടായാൽ ഉടൻ അറിയാൻ സാധിക്കും. അതുപോലെ, ശത്രുക്കളുടെ ദൂരെനിന്നുള്ള വരവും കാണാൻ പറ്റും. ഉടൻ പട്ടാളക്കാർ അലറും, ''അടി കപ്യാരേ കൂട്ട മണി''! എന്ന്. എല്ലാ മണികളും ഒരുമിച്ചു മുഴങ്ങുന്നതുകേട്ടാൽ നാട്ടുകാർക്ക് മനസ്സിലാകും, എന്തോ ആപത്തുണ്ടെന്ന്!

ടവറിനു മുകളിലുള്ള കുരിശിനെപ്പറ്റിയുമുണ്ട് ഒരു കഥ. നെപ്പോളിയൻ ചക്രവർത്തി റഷ്യ കീഴടക്കിയപ്പോൾ ആരോ പറഞ്ഞു - ക്രെംലിനിൽ സ്വർണ്ണ ക്കുരിശുണ്ടെന്ന്. മണിമേടയ്ക്കു മുകളിലുള്ള സ്വർണ്ണ നിറമുള്ള കുരിശു കണ്ട പ്പോൾ അതാണ് സ്വർണ്ണക്കുരിശെന്നു വിചാരിച്ച് കൂട്ടത്തിലുണ്ടായിരുന്ന ഫ്രഞ്ച് ശിങ്കിടികളെക്കൊണ്ട് അത് ഇളക്കിയെടുക്കാൻ ശ്രമം നടത്തി. എൻജിനീയർമാ രും, സാങ്കേതിക വിദഗ്ദ്ധരും ശ്രമിച്ചിട്ടും അത് ഇളകിയില്ലത്രെ. അവസാനം ദരി ദ്രനായ ഒരു റഷ്യൻ കർഷകനെമണിമേടയിൽ കയറ്റി, കുരിശ് ഇളക്കിക്കൊണ്ടു വരാൻ കൽപിച്ചു. അയാളുടെ ഭക്തികൊണ്ടോ, നേരത്തെ മറ്റുള്ളവർ ഇളക്കാ നുള്ള ശ്രമം കൊണ്ടോ എന്താണെന്നറിയില്ല - കുരിശ് വേഗം ഇളകിപ്പോന്നു. നെപ്പോളിയൻ ചക്രവർത്തിയുടെ ആഗ്രഹം സാധിച്ചു കൊടുത്ത കർഷകൻ വിചാരിച്ചു തനിക്ക് നല്ല സമ്മാനം കിട്ടുമെന്ന്. പക്ഷെ ചക്രവർത്തി അലറി, ''രാജ്യസ്നേഹമില്ലാത്ത നായേ, നീയൊന്നും ജീവിക്കാൻ അർഹനല്ല'' എന്നു പറഞ്ഞ് ആ സാധു കർഷകനെവെടിവെച്ച് കൊന്നു....... മുക്കു പണ്ടമായ കുരിശ് കിട്ടിയതിന്റെ നിരാശ അങ്ങനെതീർന്നു.

ഞങ്ങൾ അവിടത്തെ കത്തീഡ്രലുകൾ പുറത്തു നിന്നു കണ്ട് തൃപ്തിപ്പെ ട്ടു. തൂവെള്ള നിറമാണ് അവയ്ക്ക്. ചിരട്ട കമിഴ്ത്തി വച്ചതുപോലെത്തെ 4-5 ഡോമുകൾ മുകളിൽ കാണാം. സ്വർണ്ണ വർണ്ണമാണ് ഇവയ്ക്ക്. ഡോമുകളുടെ മുകളിൽ സ്വർണ്ണ നിറത്തിലുള്ള കുരിശുകളും നാട്ടിയിട്ടുണ്ട്.

വേറൊരു പള്ളിയ്ക്ക് 8-10 സ്വർണ്ണ ഡോമുകളുണ്ടായിരുന്നു. പള്ളിയുടെ പരിസരത്ത് Armoury Chamber അഥവാ ആയുധപ്പുരയും കണ്ടു.

പള്ളിമുറ്റത്ത് ഏതോ കോളേജിൽ നിന്നും പിക്നിക്കിനു വന്ന സുന്ദരിക ളായ യുവതികൾ എത്തി, അന്തരീക്ഷം ശബ്ദായമാനമാക്കി. മിക്കവരും മുട്ടിനു മീതെ വരെ എത്തുന്ന ഹാഫ് ട്രൗസറുകളാണ് ധരിച്ചിരിക്കുന്നത്. എല്ലാവരും നിരന്നിരുന്നും നിന്നും ഫോട്ടോയെടുക്കാൻ തുടങ്ങി. പൊട്ടിച്ചിരി, തമാശ - യുവ ചേതനയുടെ ലഹരികളേ - നിങ്ങൾ സന്തോഷിക്കുവിൻ!

ക്രെംലിനിലെ പഴയ കെട്ടിടങ്ങളിലൊന്നിൽ മ്യൂസിയം പ്രവർത്തിച്ചു വരു ന്നു. അതിനടുത്തായി വാഷ് റൂംസ് ഉണ്ടെന്ന് ഗൈഡ് ജീനപറഞ്ഞു. ഞങ്ങളെല്ലാ വരും വാഷ്റൂമിൽ പോയി. എല്ലാവരും എത്തുന്നതുവരെ മരത്തണലിൽ ഇട്ടി രുന്ന ബെഞ്ചുകളിൽ ഇരുന്നു. പത്താം ക്ലാസ്സുകാരൻ സ്റ്റിയോയ്ക്ക് ഇരിക്കാൻ സ്ഥലം കിട്ടിയില്ല. അവൻ അമ്മയുടെ മടിയിലിരുന്നു. സിനു അവനെകൊച്ചു കുഞ്ഞിനെയെന്നവണ്ണം മാറോടടുക്കി ലാളിച്ചു. അമ്മമാർക്ക് മക്കൾ എത്ര വളർന്നാലും കുഞ്ഞുങ്ങൾ തന്നെ.

കുറേ ചൈനക്കാർ ജാഥയായി അവരുടെ ഗൈഡിനോടൊപ്പം എത്തി.

മിക്കവരും ചുവന്ന വസ്ത്രമാണ് ധരിച്ചിരിക്കുന്നത്. കാക്കക്കൂട്ടിൽ കല്ലെറിഞ്ഞതു പോലെ ബഹളമുണ്ടാക്കിയാണ് വരവ്!

ക്രെംലിനിൽ പ്രസിഡന്റിന്റെ വസതിയും, അതിനടുത്തായി ഹെലിപാഡും ഉണ്ട്. പ്രസിഡന്റ് റോഡു മാർഗ്ഗം യാത്ര ചെയ്യുകയാണെങ്കിൽ വാഹനഗതാഗതക്കുരുക്കുകൾ ഉണ്ടാകും. ജനങ്ങൾക്കു ബുദ്ധിമുട്ടാവും. ഇതൊഴിവാക്കാൻ മിക്ക യാത്രകളും ഹെലിക്കോപ്റ്ററിലാണ് അദ്ദേഹം നടത്താറ്. What an Idea!

ഉച്ചയ്ക്ക് പന്ത്രണ്ടു മണിയോടെ ഞങ്ങൾ ക്രെംലിനോടു വിടപറഞ്ഞ് ബസ്സിൽ കയറി. നഗരത്തിലൂടെ പോകുമ്പോൾ, പല വാഹനങ്ങൾക്കും പല തരത്തിലുള്ള, നിറത്തിലുള്ള നമ്പർ പ്ലേറ്റുകളാണുള്ളതെന്ന് സോമൻ സാർ കണ്ടുപിടിച്ചു. ഗൈഡിനോട് സംശയം ചോദിച്ചപ്പോൾ അവർ പറഞ്ഞു - ചുവപ്പ് - Diplomats; മഞ്ഞ - ടാക്സി; കറുപ്പ് - മിലിട്ടറി; വെള്ള - സിവിലിയൻസ്.

റഷ്യയിലെ ഏറ്റവും വലിയ ലൈബ്രറി - ലെനിൻ തുടങ്ങിവെച്ചത് - വഴിവക്കിൽ കണ്ടു.

ഞങ്ങൾ AURA എന്ന ഇന്ത്യൻ റാസ്റ്റോറന്റ് ലക്ഷ്യമാക്കി പോവുകയാണ്. ബസ്സിലിരിക്കുമ്പോൾ വർഗ്ഗീസ് സാർ ചില രഹസ്യങ്ങൾ പറഞ്ഞു തന്നു - "എല്ലാ ഹോട്ടലിൽ നിന്നും ഞാൻ ഷവർക്യാപ് എടുത്ത് എന്റെ ബാഗിലിടും. എന്തിനാണെന്നോ? വീട്ടില് മാറാലയടിക്കുമ്പൊ തലയില് വയ്ക്കാൻ"! അതു കേട്ട് ഞങ്ങൾ പൊട്ടിച്ചിരിച്ചു. അപ്പോൾ വന്നു അടുത്ത് അമിട്ട് "ഞാൻ ബോഡിലോഷന്റെ കുപ്പീം എടുക്കും - കാറ് കഴുകാൻ" വീണ്ടും ചിരി.....

രണ്ടു നിലകളിലായി ഇരിപ്പിടങ്ങളുള്ള AURA റസ്റ്ററന്റിലെത്തി. റൈസ്, ദാൾ, ഗോബി, ദഹി, ഗാജർ കാ ഹൽവ, മാങ്ങാ അച്ചാർ, ചിക്കൻ കറി എന്നിവ എല്ലാവരും വേഗം കഴിച്ചു - ഞങ്ങൾ എയർപോർട്ടിലെത്താനുള്ളതാ..........

ഞങ്ങൾ ഡോമോഡിഡോവോ ഇന്റർനാഷനൽ എയർപോർട്ടിലേക്കാണ് പോകുന്നത്. ഒരു മണിയോടെ എയർപോർട്ടിലെത്തി. അവിടേയും പോർട്ടർമാർ ഞങ്ങളെ വളഞ്ഞു. ഒട്ടും ആത്മാർത്ഥതയില്ലാത്ത ഗൈഡ് ജീനയാത്ര പറഞ്ഞ് പിരിഞ്ഞുപോയി.

കുറേ നേരം ക്യൂ നിന്ന് ചെക്ക് ഇൻ ചെയ്തു. മറ്റ് ഫോർമാലിറ്റികളൊക്കെ തീർത്ത് എമിറേറ്റ്സിന്റെ Gate II ൽ എത്തി. Boeing 777-300 ലാണ് ഞങ്ങൾക്കു വേണ്ടി സീറ്റുകൾ ബുക്ക് ചെയ്തിരുന്നത്. ഇന്ന് സുനിലും ശ്രീകലയും ഞങ്ങളോടൊപ്പം നാട്ടിലേക്കു വരുന്നില്ല - അവർ ഒരാഴ്ച കൂടി റഷ്യയിലൊക്കെ കറങ്ങിയിട്ടേ തിരിച്ചു വരികയുള്ളൂ. ആര്യയും ജ്യോതിസാറും രാവിലെത്തന്നെ good bye പറഞ്ഞ് നാട്ടിലേക്കു തിരിച്ചിരുന്നു.

ജോബ്സാറും സെലീനച്ചേച്ചിയും ദുബായിലുള്ള മകളോടൊപ്പം കുറച്ചു ദിവസം താമസിച്ചിട്ടേ നാട്ടിലേക്കു വരൂ.

3.35 pm ന് ഞങ്ങളുടെ ഫ്ളൈറ്റിന്റെ ബോർഡിംഗ് തുടങ്ങി. 4.15ന് വിമാനം ഞങ്ങളേയും കൊണ്ട് അനന്തവിഹായസ്സിലേക്കു പറന്നുയർന്നു. സ്കാൻഡിനേവ്യൻ സുന്ദരികൾക്കും, റഷ്ഷക്കും വിട!!

മടക്കയാത്ര........

ഡോമോഡിഡോവോ എയർപോർട്ട് - മോസ്ക്കോ നഗരത്തിന്റെ കേന്ദ്രത്തിൽ നിന്ന് 42km ദൂരെയാണ് മോസ്ക്കോയിലെ ഏറ്റവും തിരക്കേറിയ മൂന്ന് വിമാനത്താവളങ്ങളിലൊന്നായ ഈ എയർപോർട്ട്. ഇതിലൊരെണ്ണം ഞങ്ങൾ നേരത്തേ കണ്ടിരുന്നു-ഷെറമറ്റിയേവോ. മൂന്നാമത്തേത് Vnukovo. ഈ എയർപോർട്ട് സ്ഥിതിചെയ്യുന്ന പട്ടണത്തിന്റെ പേരു തന്നെയാണ് ഇതിന് നൽകിയിരിക്കുന്നത്. 1965 May യിലാണ് ഔദ്യോഗികമായി ഇതിന്റെ ഉദ്ഘാടനം നടന്നത്.

2000ൽ 2.8 മില്ല്യൻ ആളുകളാണ് ഈ വിമാനത്താവളം വഴി സഞ്ചരിച്ചതെങ്കിൽ, 2010 ൽ അത് 22 മില്യണായി ഉയർന്നു.

